കൊല്ലം—എറണാകുളം റയിൽവെ

*൨൯൩. (൧൦) സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊല്ലം എറണാകുളം റയിൽവെ സംബന്ധിച്ചു പ്രാരംഭ സർവ്വെ പൂർത്തിയായിട്ടുണ്ടോ;

(ബി) എതെല്ലാം സ്ഥലങ്ങളിൽകൂടിയാണ് ലൈൻ പോകുന്നതെന്നു പ്രസ്താവിക്കുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) & (ബി) സർവ്വെ ഇനിയും പൂർത്തിയായിട്ടില്ല; സർവ്വെ പൂർത്തിയായതിനു ശേഷമേ ഏതെല്ലാം സ്ഥലങ്ങളിൽകൂടി ലൈൻ പോകുന്നുവെന്നു പറയുവാൻ തരമുള്ളൂ.

ജല വിതരണം

*൨൯൪. (൧൨) സാഹിബ് ബഹദൂർ എം. മുഹമ്മദ് മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊല്ലം ടൌണിൽ ജല വിതരണം നടത്തുവാൻ ഒരു പദ്ധതി ഗവൺമെണ്ടു് അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു എപ്പോൾ നടപ്പിൽ വരുത്തും?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

പ്രാഥമിക വിദ്യാഭ്യാസം

*൨൯൫. (൧൩) ശ്രീ. കണ്ണാറ ഗോപാലപണിക്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ കൊച്ചി സ്റ്റേററിൽ ഏതു താലൂക്കിൽ പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികവും നിർബന്ധിതവും ആക്കിയെന്നു പറയുമോ;

(ബി) പ്രാഥമിക വിദ്യാഭ്യാസം ദേശവൽക്കരിക്കുന്നതു സംബന്ധിച്ചു ഗവൺമെണ്ടിനു വല്ല പദ്ധതിയും ഉണ്ടോ; ഉണ്ടെങ്കിൽ എന്തു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഒൻപതു താലൂക്കുകളിൽ.

(ബി) ഉണ്ടു്. തിരുവിതാംകൂർ വിഭാഗത്തിൽ ഇതിനു് ഒരു പദ്ധതി നടപ്പാക്കിയതു് തിരുവിതാംകൂർ കൊച്ചി ഗവൺമെണ്ടും തുടരുന്നു. ൧൯൪൯–൫൦ സ്കൂൾവർഷം മുതൽ പത്തുകൊല്ലത്തിനകം എല്ലാ പ്രൈമറി വിദ്യാലയങ്ങളും ഗവൺമെണ്ടിൽനിന്നും ഏറെറടുത്തും ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ പ്രൈമറി വിദ്യാലയങ്ങളും ഏർപ്പെടുത്തിയും സംസ്ഥാനമൊട്ടുക്കു് അഞ്ചും പത്തും വയസ്സിനു മദ്ധ്യേ പ്രായമുള്ള കുട്ടികൾക്കു് പ്രൈമറി വിദ്യാഭ്യാസം നിർബന്ധമാക്കിയും പ്രൈമറി വിദ്യാഭ്യാസം ദേശവൽകരിക്കണമെന്നാണു് ആ പദ്ധതി,

LIBRARY ARCHIVES Kerala Legislative Assembly